LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സർക്കാർ വിവിധ നിക്ഷേപ സൗഹൃദ നയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഉദാഹരണമായി വ്യവസായ നയം, വിവര സാങ്കേതിക വിദ്യ നയം, തൊഴിൽ നയം എന്നിവ. ഇതിലെല്ലാം വ്യാവസായിക നിക്ഷേപത്തിന് ആകർഷകമായ ഒട്ടനവധി വ്യവസ്ഥകൾ ഉണ്ട്. ജിമ്മിനു ശേഷം പദ്ധതികൾക്ക് ദ്രുതഗതിയിൽ ക്ലിയറൻസ് നൽകുവാൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചും കിൻഫ്രായുടെ കീഴിൽ എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളുമുള്ള വിവിധ വ്യവസായ പാർക്കുകൾ രൂപീകരിച്ചു. ഏകജാലക ക്ലിയറൻസ് സംവിധാനം നടപ്പിലാക്കി. ഇവയെല്ലാം വ്യാവസായിക നിക്ഷേപത്തിന് ആകർഷകമായ ഘടകങ്ങളാണ്.

(ബി) 2003-2004-ലും 1-4-2004 മുതൽ 31-5-2004 വരെയും ചെറുകിട വ്യവസായ മേഖലയിൽ 17639 പദ്ധതികൾക്കായി 14307.45 ലക്ഷം രൂപയുടെ നിക്ഷേപവും ഇടത്തരം വൻകിടമേഖലയിൽ 4 പദ്ധതികളിലായി 65 ലക്ഷം രൂപയുടെ നിക്ഷേപവും കൂടാതെ 45 വ്യവസായ സംരംഭകർക്ക് ഈ വർഷം വ്യവസായം ആരംഭിക്കുന്നതിന് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. 3053 ലക്ഷം രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 7 പദ്ധതികൾക്ക് നിക്ഷേപാനുമതിയും നൽകിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിലെ ഇതേവരെയുള്ള മൂന്ന് മാസങ്ങളിൽ അനുമതി ഒന്നും ആയിട്ടില്ല. 2003 ഏപ്രിൽ മുതൽ 2004 മാർച്ച് വരെയുള്ള കാലയളവിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡു വഴി പുതുതായി നൽകിയ അനുമതിയെ സംബന്ധിച്ച വിശദാംശം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.†

(ഡി) ജിമ്മിൽ ഒപ്പുവച്ചത് 96 പദ്ധതികളാണ്. അവയിൽ 40 പദ്ധതികൾക്ക് ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബാർഡ് ശുപാർശ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.† ജിം മുഖേന ഒപ്പുവച്ച പദ്ധതികളുടെ തുടർ നടപടികളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. അതിനാൽ നിക്ഷേപത്തെപ്പറ്റിയും തൊഴിലവസരങ്ങളെപ്പറ്റിയും കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല.

പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

2 [456] ശ്രീ. യു. സി. രാമൻ:

" വി. കെ. ഇബ്രാഹിംകുഞ്ഞ്:

" സി. മമ്മൂട്ടി:

" ഇസ്ഹാക്ക് കുരിക്കൾ:

" ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതുതായി ആരംഭിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായശാലകൾ അടച്ചുപൂട്ടിയെന്ന് വ്യക്തമാക്കാമോ;

(ഡി) അടച്ചുപൂട്ടിയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26272 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു. പൊതുമേഖലയിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ബി) നെഗറ്റീവ് ലിസ്റ്റിൽപെടാത്ത ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന ചില പ്രധാന ആനുകൂല്യങ്ങൾ താഴെ പറയുന്നു:

(1) പുതിയ വ്യവസായം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുക്കുന്നവർക്കായി വിത്ത്-മൂലധന വായ്പ നൽകുന്നു.

(2) സംസ്ഥാന നിക്ഷേപ സബ്സിഡി നൽകുന്നു.

(3) ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വിപണന പദ്ധതി/വിപണന പ്രചോദനം പദ്ധതിവഴി സഹായം നൽകുന്നു. കൂടാതെ വ്യവസായ വികസന എസ്റ്റേറ്റുകളിലും പ്രദേശങ്ങളിലും ഭൂമി മാർക്കറ്റ് വിലയേക്കാൾ വളരെ താണ നിരക്കിൽ നൽകുന്നു. വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തവും ധനസഹായവും നൽകുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏകദേശം 3530 ചെറുകിട വ്യവസായ ശാലകൾ അടച്ചുപൂട്ടി.

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ച ENTERPRISES REFORMS COMMITTEE-യുടെ ശുപാർശ അനുസരിച്ച് തുടർച്ചയായി ധനസഹായം നൽകിയിട്ടും കൂടുതൽ നഷ്ടം ഉണ്ടാക്കി പൊതുഘജനാവിന് ഇനിയും കൂടുതൽ നഷ്ടം ഉണ്ടാകാതിരിക്കാനായി ജീവനക്കാരെ സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ (SSNP) കൊണ്ടുവന്നതിനു ശേഷം മുഴുവൻ പ്രവർത്തനവും നിർത്തലാക്കാൻ തീരുമാനിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഡി) മൂലധനത്തിന്റെ അപര്യാപ്തത, പരിചയക്കുറവ്, ഗുണമേന്മയില്ലായ്മ, വിപണന രംഗത്തെ പ്രശ്നങ്ങൾ, പുതിയ സാങ്കേതിക വിദ്യ അവലംബിക്കാത്തത്, ഉല്പന്നങ്ങളുടെ ആവശ്യകത ഇല്ലായ്മ, മാനേജ്മെന്റ് പ്രശ്നങ്ങൾ ഇവയൊക്കെ ഇത്തരം യൂണിറ്റുകൾ അടച്ചുപൂട്ടുന്നതിനുള്ള പ്രധാന കാരണങ്ങളാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly